**<u>പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**
**<u>(ഹയർ സെക്കൻഡറി വിഭാഗം) ജഗതി,</u>**
**<u>തിരുവനന്തപുരം-695014</u>**
**(സാന്നിദ്ധ്യം: ഷാനവാസ്.എസ് ഐ.എ.എസ്)**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്–ഹയർസെക്കൻഡറി വിഭാഗം-ജീവനക്കാര്യം-എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം-എച്ച്.എസ്.എസ്.റ്റി **സംസ്കൃതം** തസ്തികയിൽ 55200-115300 രൂപ ശമ്പള സ്കെയിലിൽ-തസ്തികമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ. HSE/20930/2024-Ad C5 തീയതി: 04-12-2024**

---

പരാമർശം :
1. 16/04/2001-ലെ 144/2001/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. കേരള ഗസറ്റ് നമ്പർ 3857 തീയതി 02/12/2024 (EXTRA ORDINARY VOLUME XIII ) പ്രകാരം പ്രസിദ്ധീകരിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/12/2024 തീയതിയിലെ HSE/1932/2024-Ad C3 നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരവും, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾ പാർട്ട് 2 റൂൾ 28 ബി (1) അനുസരിച്ചും **സംസ്കൃതം** വിഷയത്തിൽ താഴെ പറയുന്ന എച്ച്.എസ്.എസ്.റ്റി ജൂനിയർ അധ്യാപകരെ തസ്തികമാറ്റം വഴി എച്ച്.എസ്.എസ്.റ്റി തസ്തികയിൽ 55200-115300 രൂപ ശമ്പള സ്കെയിലിൽ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്കൂളുകളിൽ നിയമിച്ച് ഉത്തരവാകുന്നു. <u>ടി.അധ്യാപകർ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ പുതിയ സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്</u>. ടി.നിയമനങ്ങൾ അടുത്ത ഹയർസെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം പുനഃപരിശോധനക്ക് വിധേയമാക്കുന്നതാണ്. ടി.അധ്യാപകർ നിശ്ചിത സമയ

പരിധിക്കുള്ളിൽ ജോയിൻ ചെയ്യാത്തപക്ഷം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ടി.ഒഴിവ് എൻ.ജെ.ഡി ആയി ടി.അധ്യാപകരുടെ നിയമന ഉത്തരവ് ഉൾപ്പെടെ ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | പേര്, പെൻ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ആയി നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | തസ്തികമാറ്റം വഴി എച്ച്.എസ്.എസ്.റ്റി ആയി നിയമനം നൽകുന്ന സ്കൂൾ |
|---|---|---|
| 1 | **PRAMEELADEVI.S- 412467**<br>09009-GMM GOVT HSS , PALAKKAD, PALAKKD | 07031 - GOVT SANSKRIT HSS,THRIPOONITHURA,ERNAKULAM |
| 2 | **SUJATHA. K - 412682**<br>08003-GOVT MODEL GHSS,IRINJALAKKUDA,THRISSUR | 02025 - GOVT HSS,SASTHAMKOTTA, KOLLAM |

2. <u>ടി അധ്യാപകർക്ക് പുനർനിയമനം, Joining time extension എന്നിവ നൽകുന്നതല്ല.</u> അടുത്ത പൊതുസ്ഥലം മാറ്റത്തിലോ/കോടതി/സർക്കാർ ഉത്തരവിന് വിധേയമായോ യോഗ്യരായ സർവ്വീസിലിരിക്കുന്ന അധ്യാപകർ ആരെങ്കിലും ടി.സ്കൂൾ ഓപ്റ്റ് ചെയ്യുകയാണെങ്കിൽ ടി.അധ്യാപകരെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതായിരിക്കും. ടി.അധ്യാപകരുടെ നിയമനം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ **Conditional status-ൽ** നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ടി.അധ്യാപകർ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഈ ഓഫീസിലേക്ക് ഉടൻതന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Signed by
Shanavas S
Date: 04-12-2024 13:28:55

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :
1. ബന്ധപ്പെട്ട വ്യക്തികൾക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
   കരുതൽ ഫയൽ
4.